കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കറുകുറ്റി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം(പി13) 144/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം ജില്ല
തീയതി.08.03.2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കറുകുറ്റി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കറുകുറ്റി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ/ഇ.കെ.എം (പി13) 144/2019. തീയതി. 08.03.2019

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമ പഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജയ.സി.ആർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എസ്.സുരേഷ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജു.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജീവ്.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.12.2018മുതൽ 31.12.2018 വരെ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ഷാജു.വി.തെക്കേക്കര | 01.04.2017മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. രാജൻ ബി മേനോൻ | 1.4.2017- മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ഷൈനി ജോർജ്ജ് | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | കെ കെ അരുൺകുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | കുഞ്ഞമ്മ ജേക്കബ്ബ് | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | ജോജി കല്ലുക്കാരൻ | 01.04.2017മുതൽ 31.03.2018 വരെ |

4 നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | രാജി.എസ് | 01.04.2017മുതൽ 2.8.17വരെ |
| | | ആർ.സോണിയ | 3.8.17മുതൽ 31.03.2018വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ജോമോൻ ചെറിയാൻ | 01.04.2017മുതൽ 31.05 2017വരെ |
| | | ഡോ.ലക്ഷ്മി കർത്ത | 1.6.17മുതൽ 25.12.17വരെ |
| | | ഡോ.സ്മിത | 26.12.17മുതൽ31.3.18 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | കെ.ജി. ശ്രീമതി. | 01.04.2017മുതൽ 1.09.2017 വരെ |
| | | നിഷ.എം | 02.09.2017മുതൽ 30.11.17വരെ |
| | | ഡിന്ന ഡേവിസ് | 1.12.17 മുതൽ 31.3.18വരെ |
| 5 | വി.ഇ.ഒ , എടക്കുന്ന് | ബിന്ദു | 01.04.2017മുതൽ 15.11.17വരെ |
| | | സ്വസ്തി.ടി.എസ് | 16.11.17 മുതൽ 31.03 2018വരെ |
| | വി.ഇ.ഒ, കറുകുറ്റി സർക്കിൾ | ലതിക.എസ് | 01.04.2017മുതൽ 31.03 2018വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സൈറ സഖറിയ | 01.04.2017മുതൽ 31.03.2018വരെ |
| | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ജോസലിൻ ജാസ്മിൻ ജോസ് | 01.04.2017മുതൽ 12.06.2017 വരെ |
| | | ഡോ.ധന്യശ്രീ ഉണ്ണി | 13.6.17മുതൽ 31.3.18വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രശാന്ത് സി റെയ്നോൾഡ് | 01.04.2017മുതൽ 9.06.2017 വരെ |

| | | | |
|---|---|---|---|
| | | ഡോ.ശ്രീജിത്ത്.കെ | 10.6.17 മുതൽ 31.03.2018വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | അജയകുമാർ.സി.കെ | 01.04.2017മുതൽ 9.07.2017വരെ |
| | | സുദർശനൻ.ടി.പി | 10.07.2017മുതൽ 6.8.2017വരെ |
| | | ആന്റണി.എം.എ | 07.08.2017മുതൽ 31.3.2018വരെ |
| 9 | അസി. എൻജിനീയർ | ആന്റണി വട്ടോലി | 01.04.2017 മുതൽ 8.11.2017വരെ |
| | | അനു.ടി.ആർ | 9.11.2017 മുതൽ 31.03.2018വരെ |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രശ്മി രാമചന്ദ്രൻ | 01.04.2017 മുതൽ 30.11.2017വരെ |
| | | എ.ഗോപകുമാർ | 1.12.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 14 | മൊബൈൽ ടവറിന്റെ വസ്തു നികുതി കണക്കാക്കിയതിൽ കുറവ്. | 2-2 |
| 15 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 16 | മാലിന്യ സംസ്കരണം -സർക്കാർ നിർദ്ദേശം നടപ്പിലാക്കണം | 2-4 |

| | | |
|---|---|---|
| 17 | ഡി.&ഒ.ലൈസൻസിലെ അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 18 | കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു | 3-1 |
| 19 | സാംസ്കാരിക നിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. | 3-2 |
| 20 | തെരുവ് നായ ശല്യം പരിഹരിക്കുന്നതിന് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നത്- അധികം തുക നൽകി. | 3-3 |
| 21 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-4 |
| 22 | പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ നിർമ്മാണം - കരാറുകാരന് അധികം തുക നൽകി. | 3-5 |
| 23 | കാന നിർമ്മാണം - കോൺക്രീറ്റിംഗിന് അധികം തുക നൽകി | 3-6 |
| 24 | കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. | 3-7 |
| 25 | സെന്റേജ് ചാർജ്ജ് അധികം നൽകി | 3-8 |
| 26 | എസ്.സി.വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-9 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രോജക്ടിലെ-ന്യൂനതകൾ | 3-10 |
| 28 | പട്ടിക ജാതി വിഭാഗങ്ങൾക്ക് പശു വളർത്തൽ പ്രോജക്ടിലെ ന്യൂനതകൾ | 3-11 |
| 29 | ആടിൻ കുട്ടികളെ നൽകൽ പ്രോജക്ടിലെ ന്യൂനതകൾ | 3-12 |
| 30 | ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ. | 3-13 |
| 31 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ | 3-14 |
| 32 | പാലിയേറ്റീവ് കെയർപ്രോജക്ട്-അപാകതകൾ | 3-15 |
| 33 | ബഡ്സ് സ്കൂൾ റീഹാബിലേഷൻ സെന്റർ- നടത്തിപ്പ് പ്രോജക്ടിലെ അപാകതകൾ | 3-16 |
| 34 | വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-17 |
| 35 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-18 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 39 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 48 | റെസീപ്റ്റ് & പേയ്മെന്റ് പത്രിക | |
| 49 | ഇൻകം & എക്സ്പെൻടീച്ചർ പത്രിക | |
| 50 | 21.6.18ലെ കമ്മിറ്റിയിൽ പങ്കെടുത്തവരുടെ പേര് വിവരം | അനുബന്ധം -3 |



.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.17ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 15,08,37,500 | 16,25,15,000 |
| വാർഷിക കണക്ക് പ്രകാരം | 89861501 | 100687654 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഉറപ്പ് വരുത്തിയിട്ടില്ല.

3.പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 1.06.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2017-18 | 28/6/18 മുതൽ 29/6/18 വരെ | കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(27 )/18/ 30.8.2018 |

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 23434617 |
| വരവ് | 89861501 |
| ആകെ | 113296118 |
| ചെലവ് | 100687654 |
| നീക്കിയിരിപ്പ് | 12608464 |

.

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 14266252 | 13306422 | 13306422 | 93.27 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | | 00 | 5108088 | 5108088 | 3905643 | 76.45 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 71971 | 71971 | 7350 | 10.21 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 00 | 24406955 | 24406955 | 21649044 | 88.70 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 00 | 4638265 | 4638265 | 3645972 | 78.60 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 00 | 7958435 | 7958435 | 5820740 | 73.13 | 00 |
| പെർഫോമൻസ് ഗ്രാൻറ് | | 00 | 1321597 | 1321597 | 1123511 | 85.01 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 1421 | 720144 | 721565 | 719200 | 99.67 | 2365 |
| നേരിട്ട് നൽകിയത് | | 0 | 8971656 | 8971656 | 8971656 | 100 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 12462026 | 9750000 | 22212056 | 20558167 | 92.55 | 1653859 |
| ദുരിതാശ്വാസ നിധി | | 32696 | 3348 | 36044 | 5686 | 15.77 | 30358 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 858335 | 3027150 | 3885485 | 828980+ 2314011 (redumption) | 21.33 | 742494 |
| | ജില്ലാപഞ്ചായത്ത് | 00 | 2428000 | 2428000 | 2228000 | 8.23 | 00 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ICDS | 363647 | 563540 | 927187 | 65306 | 7.04 | 861881 |
| | ടോട്ടൽ സാനിട്ടേഷൻ | 00 | 177147 | 177147 | 99545 | 56.19 | 77602 |
| | സാക്ഷരത | 1527 | 56659 | 58186 | 56600 | | 1586 |
| ബി ഫണ്ട് | | 00 | 52549492 | 52549492 | 52549492 | 100 | 00 |
| ഇ- റെസീപ്റ്റ് | | 00 | 63586 | 63586 | 43737 | 68.78 | 19849 |
| തനത് ഫണ്ട് | ജില്ലാ സഹകരണ ബാങ്ക് | 301108 | 00 | 301108 | 256473 | 85.17 | 44635 |
| | യൂണിയൻ ബാങ്ക് | 9275010 | 23155018 | 32430028 | 23337527 | 72.00 | 9092501 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | യത് (എണ്ണം) | (എണ്ണം) | ശതമാനം |
| 362 | 101256931 | 214 | 55395441 | 69 | 79 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1421 | 720144 | 721565 | 719200 | 2365 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 8971656 | 8971656 | 8971656 | 00 |
| ആകെ | 1421 | 9691800 | 9693221 | 9690856 | 2365 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7800 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 4629900 | 402 |
| വിധവാപെൻഷൻ | 13458800 | 1136 |
| വാർദ്ധക്യകാലപെൻഷൻ | 28998600 | 2155 |
| വികലാംഗപെൻഷൻ | 4018800 | 337 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1144100 | 98 |

.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2018ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2349/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടയ്ക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കുവാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

10.ക്യാൻസൽഡ് രസീത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.പല രസീത് ബുക്കുകളും സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

13.വാടകക്കാരുമായി പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

14. ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള അപേക്ഷകളിലെ എല്ലാ കോളങ്ങളും അപേക്ഷകർ പൂർണ്ണമായും പൂരിപ്പിക്കാതെയാണ് ഹാജരാക്കിയിട്ടുള്ളത്.

15. 16.03.2007 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ.(ആർ.ടി) 795/2007 പ്രകാരം ഡി.& ഒ ലൈസൻസ് പുതുക്കി നല്കുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലനാമം ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തണം എന്നും 30 മൈക്രാണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിച്ചുകൊള്ളാമെന്ന അണ്ടർ ടേക്കിംങ് നൽകണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

16.തൊഴിൽ നികുതിയായി ലഭിക്കുന്ന തുകയുടെ സാംഖ്യരസീത് നമ്പറും തീയതിയും തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തുക മാത്രമാണ് രേഖപ്പെടുത്തുന്നത്. രജിസ്റ്ററിൽ ജീവനക്കാരുടെ പേര് ഒരു അർദ്ധ വർഷം മാത്രമാണ് രേഖപ്പെടുത്തുന്നത്.

17. തൊഴിൽ നികുതി രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.18 | 11/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.9.2012 മുതൽ 22.9.12 വരെ | 2007-08 മുതൽ 2011-12 വരെ | 5.12.2012 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(36)/18/30.8.2018. നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ പൂർണ്ണമായ വിവരങ്ങൾ വാർഷിക റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കണ്ടു. വിശദവിവരം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ഉടമസ്ഥന്റെ പേര് വിവരം, അസ്സസ്സ്മെന്റ് തീയതി | വാർഡ്, കെട്ടിട നമ്പർ | കെട്ടിട ത്തിന്റ വിസ്തതി (ച.മീ.) വാണിജ്യം | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 30 രൂപാ നിരക്കിൽ) | നിർണ്ണയി ക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീ.ന് 50രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| ഔസേപ്പ് മകൾ മോളി | I 478A മുതൽ 478L വരെ | 164.43 m2 | 6084 | 8633 | 2549 |
| ജോസഫ് മകൻ ബൈജു. തളിയത്ത് | 59Aമുതൽ 59p വരെ | 279.53 m2 | 10738 | 14676 | 3938 |
| വേലായുധൻ മകൻ നാരായൺ പള്ളപ്രയിൽ ഏഴാറ്റുമുഖം | VII 273A മുതൽ 273J വരെ | 494.53 m2 | 19428 | 25960 | 6532 |
| അയ്യപ്പൻ മകൻ ജിയോ അയ്യപ്പൻ,മൂത്തേലി. മുന്നൂർപിള്ള | VII 199A മുതൽ 199L വരെ | 324.82 m2 | 17053 | 10962 | 6091 |
| ഔസേഫ് മകൻ എൽദോ,മൂലൻപറമ്പ് കരയാംപറമ്പ് | XVI 193Bമുതൽ 193F വരെ | 114m2 | 4159 | 5985 | 1826 |
| വർക്കി മകൻ റെജി,പോൾസൺ,ചെറിയാൻ,പൈനാടത്ത് കരയാംപറമ്പ് | XVI 59A515A മുതൽ 515p വരെ | 502.08m2 | 18520 | 26359 | 7839 |
| എൽദോ കുര്യാക്കോസ്, പൈനാടത്ത് കരയാംപറമ്പ് | XVI 609A മുതൽ 609Gവരെ | 149.1m2 | 5642 | 7828 | 2186 |
| ആകെ | | | | | 30961 |

മേൽ വിവരിച്ച പ്രകാരം വസ്തു നികുതി ഈടാക്കിയത് നിമിത്തം 30961 /- രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിത സ്ഥാപനങ്ങളുടെ നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസ് നല്കിയെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ നഷ്ടം വന്ന 30961 /- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറിന്റെ വസ്തു നികുതി കണക്കാക്കിയതിൽ കുറവ്.

23.01.2017 ലെ B3/141/16-17 ാം നമ്പർ പെർമ്മിറ്റ് പ്രകാരം പഞ്ചായത്തിലെ Xാം വാർഡിലെ ചാക്കു, പള്ളിയാൽ, മൂനംപറമ്പ്, പാദുവപുരം എന്ന വ്യക്തിയുടെ 304/8 എന്ന സർവ്വേ നമ്പറിൽപ്പെട്ട 1.1560 ആർ സ്ഥലത്ത് മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി എം.എസ് ഐഡിയ സെല്ലുലാർ ലിമിറ്റഡ്. വി.ജെ .ടവർ, വൈറ്റില എന്ന സ്ഥാപനത്തിന് അനുമതി നല്കിയിട്ടുള്ളതാണ്. 08.01.2018 ൽ 144E കെട്ടിട നമ്പർ നല്കിയിട്ടുള്ള ഈ ടവറിന്റെ

വസ്തു നികുതി കണക്കാക്കിയതിൽ കുറവ് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ടവറിന്റെ തറ വിസ്തീർണ്ണം | ഈടാക്കേണ്ട തുക (20% വർദ്ധനവും ലൈബ്രറി സെസും ഉൾപ്പെടെ) 400രൂപ/m2 നിരക്കിൽ | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| എം.എസ്.ഐഡിയ സെല്ലുലാർലിമിറ്റഡ്. വി.ജെ.ടവർ, വൈറ്റില | ഡി.ജി.റും. 4.4m2. ഒ.ഡി.കേജ്. 13.5m2 ടവറിന്റെ തറ വിസ്തീർണ്ണം 8.75.m2 ആകെ= 26.65m2 | 13432 | 8478 | 4954 |
| ആകെ നഷ്ടം | | | | 4954 |

മേൽ പ്രകാരം നികുതി നഷ്ടം ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് 28.12.2018ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വസ്തുനികുതിയിനത്തിൽ നഷ്ടം വന്ന 4954 രൂപ എം.എസ്. ഐഡിയ സെല്ലുലാർ ലിമിറ്റഡ്. വി.ജെ.ടവർ, വൈറ്റില എന്ന സ്ഥാപന ഉടമയിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പെടുന്ന സമാനമായ രീതിയിൽ വസ്തു നികുതി തെറ്റായി കണക്കാക്കിയിട്ടുള്ള എല്ലാ മൊബൈൽ ടവർ കമ്പനികളിൽ നിന്നും ശരിയാംവിധം വസ്തുനികുതി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 2-3 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മുൻ വർഷങ്ങളിലും ഇതേ പോലെ പ്രവൃത്തി ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്.കരാറുകാരുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | ക്രമനം | പേര്, വിലാസം |
|---|---|---|---|
| 1 | ജയമോഹൻ,ഗായത്രി,<br>കറുകുറ്റി | 11 | ടോണി,പനപ്പിള്ളി,<br>കറുകുറ്റി |
| 2 | ഷിബു.എം.എസ്. മൂലംകുടി<br>വീട്, കറുകുറ്റി | 12 | ബേസിൽ,കോനോത്ത്<br>കുനൻത്താഴത്ത്<br>പറമ്പിൽ,കറുകുറ്റി |
| 3 | ബൈജു ബോബി. പൈനാടത്ത്<br>കറുകുറ്റി | 13 | ബേബി,പി.വി.<br>പഞ്ഞിക്കാരൻ, അങ്കമാലി |
| 4 | സി.ഡി.ആന്റണി,ചിറ്റിനപ്പള്ളി,<br>കറുകുറ്റി | 14 | ഷിബു വർഗ്ഗീസ്.കൈപ്പറമ്പത്ത്<br>പുലിയാനം,പീച്ചാനിക്കാട് |
| 5 | ഷിബു.പി.ജോൺ. പൈനാടത്ത്<br>കറുകുറ്റി | 15 | ജോസ്.പി.എ.പൈനാടത്ത്.<br>കറുകുറ്റി |
| 6 | പി,വി.ബോബിച്ചൻ. പൂതുവ<br>വീട്.<br>തുറവൂർ | 16 | ഷാജി.പി.പനയ്ക്കൽ.<br>പന്തയ്ക്കൽ |
| 7 | ബിജു.ടി.ആർ,തോണിപ്പറമ്പിൽ.<br>പാലിശ്ശേരി | 17 | സിന്റോ.എം.എ.മൂഞ്ഞേലി.<br>ചാമ്പന്നൂർ, അങ്കമാലി |
| 8 | കെ.ഐ.വർഗ്ഗീസ്.കല്ലറക്കൽ.<br>ആഴകം | 18 | കെ.എം.ബാബു. കുനൻ.<br>പീച്ചാനിക്കാട് |
| 9 | ജോയി ജോസഫ്.,തെക്കേയിൽ<br>അയ്യിരുർക്കാണം,കറുകുറ്റി | 19 | കെ.സി.വിജയൻ.അന്തേപ്പിള്ളി.<br>എടക്കുന്ന് |
| 10 | സാബു.കൈപ്പനമ്പടം<br>കറുകുറ്റി | 20 | അനൂപ്<br>ആന്റണി,പനേക്കാട്ടിൽ<br>കറുകുറ്റി |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയത് ടി കരാറുകാർ പഞ്ചായത്തിൽ കേവലം പതിനഞ്ച് ദിവസം മാത്രമേ ജോലി ചെയ്യുള്ളുവെന്നാണ്. എന്നാൽ ടി കരാറുകാരുടെ എഗ്രിമെന്റ് കാലയളവ് 6 മാസമാണ്. പലപ്പോഴും സ്പിൽഓവറായും പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതി അടക്കാൻ ബാധ്യസ്ഥനാണ്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രസീത് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മാലിന്യ സംസ്കരണം -സർക്കാർ നിർദ്ദേശം നടപ്പിലാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ) 2511/2017 ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഉത്തരവിന്റെ നടപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 27.12.2018 ൽ ഓഡിറ്റ് എൻക്വയറി ( നം 7) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ച് താഴെ പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുത്തുന്നു.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന

ഹോട്ടലുകൾ, ക്ലബുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15 ന് മുമ്പായി സജ്ജീകരിക്കണം. ഇപ്രകാരം ചെയ്യുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കണമെന്നാവശ്യപ്പെട്ടതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി.സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2)അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം. എന്നാൽ ഇപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3)ഉത്തരവ് പ്രകാരം 2017 സെപ്റ്റംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവയും നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 2-5 ഡി.&ഒ.ലൈസൻസിലെ അപാകതകൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടം 22 ivപട്ടികയിൽ പ്രകാരം യഥാസമയത്ത് അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ 25% അധികഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ താഴെച്ചർത്തിട്ടുള്ള വ്യക്തികളിൽ നിന്ന് ബിലേറ്റഡ് ഫീ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു

| പേര്, മേൽവിലാസം | ഫീസ് ഈടാക്കിയ തീയതിയും രസീത് നം | തരം, ലൈസൻസ് നം | ഈടാക്കിയ ഫീസ് |
|---|---|---|---|
| എഫ്.എം.ഫാറുക്ക്. മാന്നാർ.ചന്തിരൂർ | 1319 13.07.17 | 346/17-18. 13.07.117 | 4000 |
| അജയൻ.സി.എസ് ചെറിയചാണശ്ശേരി. കരയാംപറമ്പ് | 1314. 20.07.17 | 346/17-18 20.07.17 | 4000 |
| ജോജോ.പി.ജെ. പൈനാടത്ത്. കറുകുറ്റി | 1436 25.07.17 | 355/17-18 25.07.17 | 4000 |
| അനിൽതോമലസ് ഐക്യരേത്ത്. | 1508 28.07.2017 | 363/17-18. 21.03.2017 | 4000 |

| | | | |
|---|---|---|---|
| എടക്കുന്ന് | | | |
| തോമസ്.ജെ.<br>ചെറുകര.<br>എം.ജി.എഫ് മേട്ട്സ് | 0818<br>23.08.17 | 382/17-18<br>23.08.17 | 4000 |
| ജിയോമാൻ<br>വള്ളാട്റിലയൻസ്<br>റീട്ടെയിൽ ലിമിറ്റഡ് | 0012<br>21.10.17 | 405/17-18<br>21.10.17 | 4000 |
| മാനേജർ.<br>ശ്രീരാംഓട്ടോമാൻഇന്ത്യാ<br>ലിമിറ്റഡ്<br>കറുകുറ്റി | 3101<br>24.10.17 | 407/17-18<br>24.10.17 | 4000 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ കേവലം ഉദാഹരണങ്ങൾ മാത്രമാണ്.അതത് സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് പുതുക്കാത്ത സ്ഥാപന ഉടമകൾ ധാരാളം ഉണ്ട്. അവരിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അടിയന്തരമായി ബിലേറ്റഡ് ഫീ ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)16.03.2007ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ.(ആർ.ടി) 795/2007/ പ്രകാരം ഡി & ഒ ലൈസൻസ് പുതുക്കി നല്കുമ്പോൾ സ്ഥാപനങ്ങൾ അത് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തണം എന്നും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് കാരിബാഗുകൾ നിരോധിച്ച് കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നും അണ്ടർ ടേക്കിംങ് നല്കണം എന്നും നിഷ്കർഷിക്കുന്നു.

എന്നാൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള ഡി&ഒ ലൈസൻസിൽ ഇത്തരത്തിലുള്ള അണ്ടർ ടേക്കിംങ് അപേക്ഷകർ നല്കിയിട്ടില്ല. എന്നാൽ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കൂടുതലായതിനാൽ 03.06.2017ലെ(3) തീരുമാനപ്രകാരവും 25.01.2018ലെ (1)നമ്പർ തീരുമാനപ്രകാരവും പഞ്ചയത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം നിരോധിക്കുവാനും പകരം തുണിസഞ്ചി പയോഗിക്കുവാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ തീരുമാനത്തിന് മേൽ പഞ്ചായത്ത് നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ഡി&ഒ ലൈസൻസിൽ അണ്ടർ ടേക്കിംങ് വാങ്ങിക്കുകയെന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മറ്റി മുൻകൈയെടുത്ത് സർക്കാർ നിർദ്ദേശം നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്..

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ ഇരുപത്തഞ്ചോളം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ സംബന്ധിച്ച ചെലവുകൾ എന്നിവ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃസമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് 6.6.2002-ലെ ജി.ഒ.എം.എസ്.20/02 ആസൂത്രണം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ

112564/-രൂപ നൽകിയതായി ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഐ -12(ബി) ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി 20.07.2017ലെ പഞ്ചായത്ത് കമ്മറ്റിയുടെ 38ാം തീരുമാന പ്രകാരം പഞ്ചായത്ത് തന്നെ കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടുള്ള തീരുമാനം പഞ്ചായത്ത് കമ്മറ്റി കൈക്കൊണ്ടതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവാശ്യപ്പെട്ട് 28.12.2018ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 10.11.2016 ലെ ജി.ഒ (ആർ.ടി) 3066/2016 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതിച്ചാർജ് തനത് ഫണ്ടിൽ (എസ്.സി.പി/മെയിന്റനൻസ്) നിന്ന് അടവാക്കാമെങ്കിലും മറ്റു കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത് ക്രമപ്രകാരമല്ല.

ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് ഒടുക്കുന്നത് അടിയന്തരമായി ഗുണഭോക്തൃ സമിതിയെ ഏല്പിക്കേണ്ടതും പഞ്ചായത്ത് സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് ഒഴിവാകേണ്ടതുമാണ്.

## 3-2 സാംസ്കാരിക നിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിന്റെ കീഴിൽ മുന്നൂർ പള്ളിയിൽ ഒരു സാംസ്കാരിക നിലയം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. നാലായിരത്തിലധികം പുസ്തകങ്ങളുള്ള സാംസ്കാരിക നിലയത്തിലേക്ക് 2009 ന് ശേഷം പുസ്തകങ്ങളോ മറ്റ് ആനുകാലികങ്ങളോ വാങ്ങിയിട്ടില്ല. ഇതിനു വേണ്ടി പഞ്ചായത്തിൽ നിന്നും യാതൊരു പ്രോജക്ടുകളും വെച്ചിട്ടില്ല. സംസ്കാരിക നിലയത്തിന്റെ നടത്തിപ്പും അതിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്തവും പഞ്ചായത്ത് കമ്മിറ്റിക്കാണ്. കേവലം ഇരുപത് അംഗങ്ങളുടെ മെമ്പർഷിപ്പ് മാത്രമേ ഈ സാംസ്കാരിക നിലയത്തിനുള്ളൂ. എല്ലാ മാസവും കൃത്യമായി ലൈബ്രേറിയന് ഓണറേറിയം നൽകുന്നതൊഴിച്ചാൽ വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ടിട്ടില്ല. സാംസ്കാരിക കേന്ദ്രങ്ങൾ സാമൂഹിക പുരോഗതിക്ക് കാര്യമായ സംഭാവന ചെയ്യുന്നതാകയാൽ ടി സാംസ്കാരിക നിലയത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകി കൂടുതൽ അംഗങ്ങളെ വായനശാലയിലേക്ക് ചേർക്കുന്നതിനും സമാസമയം ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച് മീറ്റിംഗ് കൂടുന്നതിനും പഞ്ചായത്ത് കമ്മിറ്റി അടിയന്തിര തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ഓഡിറ്റ് നിഷ്കർഷിക്കുന്നു.

## 3-3 തെരുവ് നായ ശല്യം പരിഹരിക്കുന്നതിന് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നത്- അധികം തുക നൽകി.

പ്രോജക്ട് നമ്പർ- 246/18, അടങ്കൽ- 140000

ബിൽ നമ്പർ- 22/17-18/20.11.17, 140000

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ തെരുവ് നായ ശല്യം പരിഹരിക്കുന്നതിന് എ.ബി.സി പ്രോഗ്രാം എന്ന പ്രോജക്ടു പ്രകാരം ഒരു തെരുവ് നായയെ വന്ധ്യംകരണം

നടത്തുന്നതിന് 2100 രൂപ നിരക്കിൽ കുടുംബശ്രീ ജില്ലാ കോഡിനേറ്റർക്ക് മുൻകൂറായി ആകെ 140000രൂപ നൽകിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ ജില്ലാ കോഡിനേറ്റർ നൽകിയ സാക്ഷ്യപത്രം അനുസരിച്ച് 4.1.18മുതൽ7.1.18വരെ ഗ്രാമ പഞ്ചായത്തിൽ നിന്നും 66 നായകളെ പിടിച്ച് പട്ടിമറ്റം കുടുംബശ്രീ എ.ബി.സി സെന്ററിൽ വെച്ച് സർജ്ജറി നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഈ പദ്ധതിക്കായി 138600രൂപ (66x2100), മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയിട്ടുള്ള 1400 രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക 2018-19 ലെ പ്രോജക്ടിൽ ക്രമപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ- 117/18

അടങ്കൽ - 100000 ബിൽനമ്പർ - 2417/17-18, 23.11.17, 77759/-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- എന്ന പ്രോജക്ട് കരുനാഗപ്പള്ളി മുരളി സൈക്കിൾ മാർട്ടിൽ നിന്നും 4874രൂപ നിരക്കിൽ Rocky ബോയ്സ് സൈക്കിളുകൾ വാങ്ങിയതിൽ, വിതരണ രേഖകൾ പരിശോധിച്ചതിൽ, ആകാശ്കൃഷ്ണൻ ( s/o,പരമേശ്വരൻ, എരമ്പിള്ളി) എന്ന ഗുണഭോക്താവ് 17-18വർഷം കഴക്കൂട്ടം സൈനിക സ്കൂളിൽ പത്താംക്ലാസിൽ പഠിക്കുന്നതായും ഈ സ്കൂൾ റെസിഡൻഷ്യൽ സ്കൂളായതിനാൽ കുട്ടികളെ സ്വന്തം വാഹനങ്ങളിൽ വരുവാൻ അനുവദിക്കില്ലെന്നും പ്രിൻസിപ്പൽ, സാക്ഷ്യ പത്രം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഗുണഭോക്താവ് ആനുകൂല്യത്തിന് അർഹനല്ലാതിരുന്നിട്ടും പ്രസ്തുതവിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മറ്റിയെ ബോധ്യപ്പെടുത്തിയിട്ടും ആയത് പരിഗണിക്കാതെ 21.6.18ലെ 6(1) നമ്പർ തീരുമാന പ്രകാരം ഇയാൾക്ക് ആനുകൂല്യം നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും അതുപ്രകാരം ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ക്രമ വിരുദ്ധമാണ് ഇപ്രകാരം അനർഹനായ വ്യക്തിക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനമെടുത്ത കമ്മറ്റിയിൽ പങ്കെടുത്തവരിൽ നിന്നും ഈ തുക (4874രൂപ) തുല്യമായി ഈടാക്കേണ്ടതാണ്. കമ്മറ്റി അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-3)

## 3-5 പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ നിർമ്മാണം - കരാറുകാരന് അധികം തുക നൽകി.

പ്രോജക്ട് നം -S0307/18

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ,

കരാറുകാരൻ – ജോയ് ജോസഫ്

അളവ് പുസ്തകം - 114/17-18, ചെലവ് വിവരം - ബിൽ നമ്പർ 218/27-03-18 രൂപ 485500/-

പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിന്റെ നവീകരണത്തിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം, ഇതേ കരാറുകാരൻ 2016-17വർഷം ചെയ്ത വനിത കുടുംബശ്രീ കാന്റീൻ നിർമ്മാണത്തിന്റെ തുടർ പ്രവൃത്തികളാണ് ചെയ്തിരിക്കുന്നത്. S0307/18 -ാം നമ്പർ പ്രോജക്ടിന്റെ ഒന്നാം ഇനം providing and fixing 1st quality ceramic glazed wall tile എന്ന ഇനമാണ്. ഗ്രൗണ്ട് ഫ്ളോറിലും ഒന്നാം നിലയിലും ഈയിനം ചെയ്ത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| |
|---|
| 1x7x1.6 =11.20 $m^2$ |
| 1x3.58x1.60 = 5.73 |
| 2x7x1.60 =22.40 |
| 2x7.15x1.60 =22.88 |
| 1x7x1.60 = 11.20 |
| 1x4.25x1.60 = 6.80 |
| ആകെ ---- 80.21 $m^2$<br>80.21@ 798.0180/$m^2$ = 64009 |

. എന്നാൽ dadoing ചെയ്തിരിക്കുന്ന ഭാഗത്ത് വരുന്ന 11ജനലുകളുടേയും 3വാതിലുകളുടേയും വിസ്തീർണ്ണം കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് . ഇത് അധികം ചെലവിന്നിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു. 1.50 മീറ്റർ വീതിയും ഉയരവുമുള്ള ജനലുകളാണുള്ളത്. ഇരു നിലകളിലും ഇവ തറ നിരപ്പിൽ നിന്നും 0.50 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ dadoing ചെയ്തിരിക്കുന്ന ഭാഗത്ത് വരുന്ന ജനലുകളുടെ കുറവ് ചെയ്യേണ്ട ഉയരം 1.10 മീറ്ററും വീതി 1.50 മീറ്ററുമാണ്.

| | |
|---|---|
| ഒരു ജനലിന്റെ ഇനത്തിൽ കുറവ് ചെയ്യേണ്ട വിസ്തീർണ്ണം | 1.10x1.50=1.65$m^2$ |
| 11 ജനലുകളുടെ കുറവ് ചെയ്യേണ്ട വിസ്തീർണം | 1.65 x 11=18.15$m^2$ |
| വാതിലുകളുടെ ഇനത്തിൽ കുറവ് ചെയ്യേണ്ട വിസ്തീർണ്ണം | |
| 0.90 x2.10 മീ വാതിൽ | 0.90 x1.60 =1.44$m^2$ |
| 0.75 x2.10 മീ വാതിൽ | 0.75x1.60 = 1.20$m^2$ |
| 1.10 x2.10 മീ വാതിൽ | 1.10x1.60=1.76$m^2$ |
| ആകെ | 22.55 $m^2$ |
| അധികം നൽകിയത് --22.55 @ 798.0180/$m^2$ = 17995/- | |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് . അല്ലാത്ത പക്ഷം തുക അനുവദിച്ച അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-6 കാന നിർമ്മാണം - കോൺക്രീറ്റിംഗിന് അധികം തുക നൽകി

വടക്കേക്കര ബത് ലേഹം റോഡ് റീടാറിംഗ് & ഐറിഷ് ചാനൽ നിർമ്മാണം

പ്രോജക്ട് നം -S0011/17

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനിയർ

കരാർ -ജോയ് ജോസഫ്

അളവു പുസ്തകം - 211/16-17

ചെലവു വിവരം - ബിൽ നമ്പർ 07/23-06-17 രൂപ 530053/-

ബിൽ നമ്പർ 66/30-06-17 രൂപ 48432/-

വടക്കേക്കര ബത് ലേഹം റോഡ് റീടാറിംഗ് &ഐറിഷ് ചാനൽ നിർമ്മാണം എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ റീടാറിംഗിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് ചെയ്യാതെ കാന നിർമ്മാണമാണ് ചെയ്തിരിക്കുന്നത്. ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. കാന നിർമ്മാണത്തിനായി 104.50 x0.45x0.20മീറ്റർ അളവിൽ മണ്ണ് നീക്കം ചെയ്ത് 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 10സെ.മീ. കനത്തിൽ ചെയ്തിട്ടുണ്ട്. ടിയിനം ചെയ്തിരിക്കുന്ന അളവും അനുവദിച്ചിരിക്കുന്ന നിരക്കിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

104.50 x0.60x0.10 = 6.270$m^3$ @ 5665/$m^3$

0.45മീറ്റർ വീതിയിൽ മാത്രം അളവിൽ മണ്ണ് നീക്കം ചെയ്തിട്ടുള്ളപ്പോൾ 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്യാവുന്നത് 0.45മീറ്റർ വീതിയിൽ മാത്രമാണ്. അതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന അളവ് ചുവടെ കൊടുക്കുന്നു.

104.50 x0.45x0.10 = 4.7025$m^3$

അധികം അനുവദിച്ചത് = 6.270 – 4.7025 = 1.5675 $m^3$

1.5675 @ 5665/$m^3$ = 8880/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് . അല്ലാത്ത പക്ഷം തുക അനുവദിച്ച അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-7 കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല.

2016-17 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ, ബൈജു ബേബി സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരന് 2017-18 വർഷം തുക അനുവദിച്ചപ്പോൾ ആദായ നികുതി (1%) ഈടാക്കിയതായി കാണുന്നില്ല. തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | EFMS വഴിനൽകിയ തുക | ബിൽ തീയതി |
|---|---|---|
| വിവിധ വാർഡുകളിൽ സിമന്റ് കട്ട നിർമ്മാണം -3 | 10931 | 22-04-17 |
| വിവിധ വാർഡുകളിൽ സിമന്റ് കട്ട നിർമ്മാണം -4 | 66980 | 22-04-17 |
| വിവിധ വാർഡുകളിൽ സിമന്റ് കട്ട നിർമ്മാണം | 49110 | 22-04-17 |
| സെന്റ് സെബാസ്റ്റ്യൻസ് റോഡ് കട്ട വിരിക്കൽ | 198625 | 22-04-17 |
| സെന്റ് തോമസ് നീരോലിപ്പാറ പഞ്ചായത്ത്റോഡ് കട്ട വിരിക്കൽ | 131322 | 22-04-17 |
| പറക്കാട്ടുകളം കട്ട വിരിക്കൽ | 83002 | 22-04-17 |
| മണൽപാർക്കിംഗ് റോഡ് കട്ട വിരിക്കൽ | 135200 | 22-04-17 |
| ഞാലൂക്കര ലക്ഷം വീട് റോഡ് കട്ട വിരിക്കൽ | 126993 | 22-04-17 |
| എവൻ അവന്യറോഡ് കട്ട വിരിക്കൽ -13/7 | 116933 | 22-04-17 |
| എവൻ അവന്യറോഡ് കട്ട വിരിക്കൽ-15/6 | 135718 | 22-04-17 |
| ആശുപത്രി കോളനി റോഡ് കട്ട വിരിക്കൽ- 5/17 | 73752 | 22-04-17 |
| കോളനി റോഡ് കട്ട വിരിക്കൽ -8/12 | 76959 | 22-04-17 |
| | 1205525 | |

കരാർ പ്രകാരമുള്ള തുക അനുവദിച്ചപ്പോൾ ആദായ നികുതിയിനത്തിൽ 12055/-രൂപ ഈടാക്കേണ്ടതായിരുന്നു.ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് . അല്ലാത്ത പക്ഷം തുക അനുവദിച്ച സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-8 സെന്റേജ് ചാർജ്ജ് അധികം നൽകി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ, താഴെ പറയുന്ന പ്രോജക്ടുകൾക്ക് സെന്റേജ് ചാർജ്ജ് അധികം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | എസ്റ്റിമേറ്റ് തുക സെന്റേജ് ചാർജ്ജില്ലാതെ | സെന്റേജ് ചാർജ്ജ് അനുവദിച്ചത് 12.5% | ലംപ്സം പ്രൊവിഷൻ | ആകെ | സെന്റേജ് ചാർജ്ജ് അനുവദനീയം 10% | അധികം നൽകിയ തുക | ബിൽ നമ്പർ തിയതി | തുക |
|---|---|---|---|---|---|---|---|---|---|
| 1 | 239/18 മുന്നൂർപ്പള്ളി ഐ.എച്ച്.ഡി.പി | 251117 | 31389 | 492 | 283000 | 25112 | 6278 | 27/17-18, 30.1.18, | 283000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കോളനി പൈപ്പ് ലൈൻ നീട്ടൽ | | | | | | | | |
| 2. | 262/18, വിവിധ വാർഡു കളിൽ പൈപ്പ് ലൈൻ നീട്ടൽ | 86115 | 10764 | 3121 | 100000 | 8612 | 2152 | 5/17-18, 30.6.17 | 100000 |
| 3 | 315/18, വിവിധ വാർഡുക ളിൽ പൈപ്പ് ലൈൻ നീട്ടൽ | 840896 | 105112 | 3992 | 950000 | 84090 | 21022 | 26/17-18, 12.1.18 | 607402 |
| | | | | | | | | 94496/ 1.12.17 | |
| ആകെ | | | | | | | 29452 | | 342598 |

സർക്കാർ ഉത്തരവ് പ്രകാരം വാട്ടർ അതോറിട്ടിയുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ 2.5% സെന്റേജ്ചാർജ്ജ് നൽകേണ്ടതില്ല. ആയതിനാൽ ഈയിനത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതലായി നൽകിയ 29452രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക 2018-19 ലെ പ്രോജക്ടുകളിൽ നിന്നും ക്രമപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ക്രമപ്പെടുത്തി വിവരം അറിയിക്കുന്നതുവരെ അധികചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 എസ്.സി.വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ- 221/18

അടങ്കൽ - 595000, ബിൽനമ്പർ - 7733/17-18, 14.02.18, 254870

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം എസ്.സി.വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും 2999 രൂപ നിരക്കിൽ 70മേശയും 642രൂപനിരക്കിൽ 70 കസേരയും വാങ്ങിയതിൽ ഒരു സെറ്റ് മേശയും കസേരയും ഇപ്പോഴും വിതരണം ചെയ്യപ്പെട്ടിട്ടില്ലാത്തതായി കാണുന്നു. നാളിതുവരെ വിതരണം ചെയ്യപ്പെട്ടിട്ടില്ലാത്ത മേശയും കസേരയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഒരു സെറ്റ് മേശകളുടെയും കസേരകളുടെയും വില 3641 രൂപ തടസപ്പെടുത്തുന്നു,

## 3-10 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രോജക്ടിലെ- ന്യൂനതകൾ

| പ്രോജക്ട് നം./ പേര് | S 108/17-18- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
|---|---|
| അടങ്കൽ | വികസന ഫണ്ട്- 2,06,250<br>സംസ്ഥാന വിഹിതം-2,06,250<br>ഗുണഭോക്തൃവിഹിതം -4,12,500<br>------------------------------------------<br>8,25,000 |
| ചെലവ് | 02/17-18/22.03.18-2,06,250 |

33 ഗുണഭോക്താക്കൾക്ക് 6,250 രൂപ വെച്ച് 2,06,250/- രൂപ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2018 ഏപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെയാണ് പ്രോജക്ട് കാലയളവ്. കന്നുകുട്ടികൾക്ക് മുപ്പത്തിരണ്ട് മാസം പ്രായമാകുന്നത് വരെ അല്ലെങ്കിൽ പ്രസവിക്കുന്നത് വരെ കാലിത്തീറ്റ നൽകുക എന്നതാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. എ.ഒ. ദേവസി അമ്പാടൻ, ശ്രീ. കെ.പി പോളി എന്നിവരെ, തുടർച്ചയായി മൂന്ന മാസത്തോളം കാലിത്തീറ്റ വാങ്ങാത്ത കാരണത്താൽ പദ്ധതിയിൽ നിന്ന് പുറത്താക്കിയിട്ടുണ്ട്. ശ്രീ. ദേവസിയ്ക്ക് 1380 രൂപയും ശ്രീ. പോളിയ്ക്ക് 400 രൂപയും കാലിത്തീറ്റ നൽകുന്നതിന് രജിസ്റ്റർ പ്രകാരം പദ്ധതി പണം ചെലവഴിച്ചിട്ടുണ്ട്. ഇവർക്കായി നീക്കിവെച്ചിരുന്ന 6,250 രൂപയിൽ നിന്നും ബാക്കി തുക പ്രോജക്ട് ഓഫീസറിൽ നിന്നും ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 3-11 പട്ടിക ജാതി വിഭാഗങ്ങൾക്ക് പശു വളർത്തൽ പ്രോജക്ടിലെ ന്യൂനതകൾ

| പ്രോജക്ട് നം./ പേര് | S 253/17-18- പട്ടിക ജാതി വിഭാഗങ്ങൾക്ക് പശു വളർത്തൽ |
|---|---|
| അടങ്കൽ | വികസന ഫണ്ട് ജനറൽ- 115000<br>എസ്.സി.പി. – 185000<br>മറ്റുള്ളവ – 2,00,000<br>------------------------------------------------------------<br>5,00,000 |
| ചെലവ് | 4/17-18/22.03.18- 175000<br>5/17-18/22.03.18- 35,000<br>----------------------------------------<br>2,10,000 |

പ്രോജക്ടിലെ അപാകതകൾ താഴെച്ചേർക്കുന്നു.ഗുണഭോക്താക്കൾ മൂന്ന വർഷം പശുവിനെ വളർത്തുന്നു എന്ന് ഉറപ്പ് വരുത്താൻ കരാർ ചമക്കേണ്ടതായിരുന്നുവെങ്കിലും കരാറുകൾ ചമച്ചിട്ടില്ല. ഏഴ ഗുണഭോക്താക്കൾക്ക് 30,000 രൂപ വെച്ചാണ് ധനസഹായം

നൽകിയിട്ടുള്ളത്. പശുവിന്റെ വിലയുടെ 75% പരമാവധി 30,000 രൂപയാണ് നൽകാവുന്നത് . പശുക്കളുടെ വില ഏത്രയാണെന്ന് പ്രോജക്ടിൽ പറയുന്നില്ല. പശുക്കളുടെ വില നിർണ്ണയം വെറ്ററിനറി സർജൻ നടത്തിയിട്ടില്ല. ഓരോ പശുവിന്റേയും വില 40,000 രൂപയായിട്ടാണ് എടുത്തിട്ടുള്ളത്. ജനപ്രതിനിധിയും കൺവീനറായ വെറ്ററിനറി സർജനും അഞ്ച് ഗുണഭോക്താക്കളും അടങ്ങുന്ന പർച്ചേസ് കമ്മിറ്റി രൂപീകരിക്കേണ്ടതായിരുന്നെങ്കിലും, ജനപ്രതിനിധിയും വെറ്ററിനറി സർജനും പുറമേ റീന ജോസ്, മേരി, റോസിലി ജോണി, റോസി ജോണി, എൽസി ലോനപ്പൻ എന്നിവരാണ് കമ്മിറ്റിയിലുള്ളത്, ഇവരാരും ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടവരല്ല.

## 3-12 ആടിൻ കുട്ടികളെ നൽകൽ പ്രോജക്ടിലെ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | S 218/17-18- ആടിൻ കുട്ടികളെ നല്കൽ |
| അടങ്കൽ | വികസന ഫണ്ട്-3,20,000<br>മറ്റുള്ളവ് -3,20,000 |
| ചെലവ് | 03/17-18/22.03.18-3,20,000 |

സി.എച്ച്. സുബൈർ, ചെരുവിൽ, മൂവാറ്റുപുഴ എന്നയാളിൽ നിന്ന് നൂറ്റി ഇരുപത്തി എട്ട് ആടുകൾ വികസന ഫണ്ടിൽ നിന്നുള്ള ധനസഹായം നൽകി വാങ്ങി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 6 മുതൽ 8 വരെ പ്രായമുള്ളതും 12 കിലോഗ്രാം തൂക്കമുള്ള ആടുകളെയാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പോ നിർവ്വഹണ ഉദ്യോഗസ്ഥയോ, ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ഉറപ്പ് വരുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥ തന്നെയാണെങ്കിൽ, ഇതേ ഗ്രൂപ്പിൽ തന്നെയുള്ള മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറാക്കി മോണിട്ടറിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായിരുന്നുവെങ്കിലും, അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി മോണിട്ടർ ചെയ്തിട്ടില്ല.

## 3-13 ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- അപാകതകൾ.

പ്രോജക്ട് നമ്പർ -38/18,അടങ്കൽ -50000

ബിൽ നമ്പർ- 18/17-18/16.10.17 -50000

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 50000 രൂപ ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 24.7.14ലെ G4-16393/13 കത്ത് പ്രകാരം കമ്പ്യൂട്ടർ വത്കരണത്തിന്റെ ഭാഗമായി ഐ.കെ.എമ്മിന് നൽകിയിട്ടുള്ള തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗ രേഖകൾ പഞ്ചായത്തുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈയിനത്തിൽ ഐ.കെ.എം- പഞ്ചായത്തിനും തിരിച്ചും തുക നൽകുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച (വിനിയോഗം/ തിരിച്ച് നൽകിയത്/ ക്രമീകരിച്ചത്) വിശദ വിവരം ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത്

ക്രമീകരിക്കേണ്ടതുമാണ്.

## 3-14 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ

.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S 85/17-18- വാഴക്കൃഷി |
| അടങ്കൽ | വികസന ഫണ്ട്-7,85,000<br>മറ്റുള്ളവ- 6,35,000<br>ആകെ. 14,20,000 |
| ചെലവ് | 04/17-18/14.03.18- 3,20,394<br>05/17-18/14.03.18- 2,24,637<br>08/17-18/21.03.18-2,39,969<br>ആകെ. 7,85,000 |

. വാഴ കർഷകർക്ക് ജൈവ വളം വാങ്ങുന്നതിനുള്ള ധനസഹായമാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പരമാവധി സബ്സിഡി തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കണം. ഇപ്രകാരം ഗ്രാമപഞ്ചായത്ത് പരിധി നിശ്ചിയിച്ചിട്ടില്ല. (03.04.17ലെ ജി.ഒ.(എം.എസ്) 80/2017 1.ഉദ്ദേശ്യം- 1.4 ൽ ആവശ്യത്തിനുള്ള മുഴുവൻ തുകയും നൽകുകയല്ല, അതിലേക്ക് ഉചിതമായ ഒരു വിഹിതം നൽകുകയാണ് സബ്സിഡി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി വിത്തുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരമാവധി ധനസഹായം 3,500 രൂപയാണ്.

. ജൈവവളം, പർച്ചേസ് കമ്മിറ്റി നേരിട്ട് വാങ്ങി, വിതരണം ചെയ്യണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കർഷകർക്ക് പെർമിറ്റ് കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റിൽ 662 പേരുണ്ടായിരുന്നു. അതിൽ 290 പേർക്ക് ധനസഹായം നൽകി, ധനസഹായം ലഭിക്കാത്തവർ 372 പേർ. 372 പേർക്ക് ധനസഹായം നൽകാതിരുന്നപ്പോഴും തോമസ്സ് പള്ളിപ്പാടൻ (KTY38), കൊച്ചുത്രേസ്യ പള്ളിപ്പാടൻ (KTY-79), മേരി ഔസേഫ് (KTY-155) എന്നിവർക്ക് യഥാക്രമം 28, 161/-, 26, 906/-17, 935/-രൂപ വീതം നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ഈ 372 പേരുമായി ബന്ധപ്പെടുകയോ, അവരെ കൃഷി ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ആവശ്യമായ സഹായങ്ങളോ നിർദ്ദേശങ്ങളോ നൽകുകയോ ചെയ്തതായോ, പ്രോജക്ട് മോണിട്ടർ ചെയ്തതായോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 3-15 പാലിയേറ്റീവ് കെയർപ്രോജക്ട്-അപാകതകൾ

.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S 80/17-18- പാലിയേറ്റീവ് കെയർ |
| അടങ്കൽ | വികസന ഫണ്ട്-4,00,000 |
| ചെലവ് | ചെലവ്-3,12,879 |

.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S 240/17-18- പാലിയേറ്റീവ് കെയർ |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട്- 95,151 |
| ചെലവ് | ചെലവ്- 95,191 |

പ്രോജക്റ്റിലെ അപാകതകൾ താഴെച്ചേർക്കുന്നു.

ഹോംകെയർ രജിസ്റ്റർ ദിവസേന എഴുതി സൂക്ഷിക്കുന്നില്ല. ഉദാഹരണം - 16.01.18, 17.01.18 എന്നീ തീയതികൾക്ക് ശേഷം 11.01.18 എഴുതി ചേർത്തിട്ടുണ്ട്. കൂടാതെ പല തീയതികളും തിരുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹോംകെയർ രജിസ്റ്ററിലെ രേഖകളൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭാവിയിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ബിൽ നം.13/17-18/15.02.18 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1,13,904 രൂപ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചതായോ സ്റ്റോക്കിൽ ചേർത്തതായോ രേഖകളില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് അവ സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്കായി നൽകേണ്ടതാണ്.

## 3-16 ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് പ്രോജക്റ്റിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 234/17-18, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് |
| അടങ്കൽ | വകസന ഫണ്ട്-7,50,000 |
| ചെലവ് | 6,73,056 |

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനു വേണ്ടി വാഹനം വാടകയ്ക്കെടുത്തതിന് വാടകയായി ശ്രീ.ഷൈജൻ.വി.റ്റി യ്ക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം./തീയതി | ബിൽതുക | ശ്രീ.ഷൈജന് നൽകിയ തുക |
|---|---|---|---|
| 1 | 01/17-18/ 03.07.17 | 1,42,250 | 77,750 |
| 2 | 02/17-18/16.07 17 | 55,600 | 42,000 |
| 3 | 09/17-18/ 28.0917 | 55,600 | 42,000 |
| 4 | 10/17-18/ 27.1017 | 35,600 | 22,000 |
| 5 | 14/17-18/11.12 17 | 38,000 | 38,000 |
| 6 | 16/17-18/13.01. 18 | 71,200 | 44,000 |
| 7 | 19/17-18/19.01 18 | 55,985 | 30,000 |
| 8 | 21/17-18/ 09.02.18 | 55,836 | 38,000 |
| 9 | 23/17-18/ 08.0318 | 55,524 | 38,000 |
| 10 | 27/17-18/26.03 18 | 64,584 | 40,000 |
| ആകെ | | | 4,11,750 |

പ്രോജക്റ്റിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. ശ്രീ. ഷൈജനെ ചുമതലപ്പെടുത്തിയതിന്റെ നടപടി ക്രമങ്ങളുടെ രേഖകളും , കരാറും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിലധികം രൂപ പ്രതിഫലം കരാർ സേവനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ 1ശതമാനം ആദായ നികുതി റ്റി.ഡി.എസ് ആയി ഈടാക്കി ആദായനികുതി വകുപ്പിലൊടുക്കേണ്ടതാണ്. എന്നാൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

3. 06.04.13 ലെ സർക്കാർ ഉത്തരവ് നം.144/2013/ ത.സ്വ.ഭ.വ പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വാഹനം വാങ്ങുന്നതിന് പകരം വാടകയടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും, വാഹന വാടക തനത് ഫണ്ടിൽ നിന്ന് വകയിരുത്തേണ്ടതുമാണ്. വാടകയിനത്തിൽ ശ്രീ.ഷൈജന് 4,11,750 രൂപ നൽകിയിട്ടുണ്ട്. ഈ തുക വകയിരുത്തിയിരുന്നതും നൽകിയതും തനത് ഫണ്ടിൽ നിന്നല്ല, വികസന ഫണ്ടിൽ നിന്നാണ്. ഭാവിയിൽ വാഹന വാടക തനത് ഫണ്ടിൽ നിന്ന് നൽകുകയോ, സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി വികസന ഫണ്ടിൽ നിന്ന് നൽകുകയോ ചെയ്യാവുന്നതാണ്.

## 3-17 വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1.പ്രോജക്ട് നമ്പർ -81/18

അടങ്കൽ -1530000, ബിൽ നമ്പർ- 3/17-18/15.1.18 -180000

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കറുകുറ്റി സർക്കിൾ) നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ - പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, മെയിന്റനൻസ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കി, എൽ.എസ്.ജി.ഡി എഞ്ചിനീയർ/ ഓവർസീയർ മൂല്യനിർണ്ണയം നടത്തി നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്സിക്കുട്ടി മറ്റപ്പള്ളിൽ ഹൗസ് എന്നയാൾക്ക് 30000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇയാൾക്ക് നൽകിയ സാക്ഷ്യപത്രത്തിൽ 1:4:8സിമന്റ് കോൺക്രീറ്റിംഗ് എന്നയിനം 0.36m3ചെയ്തതിന് 4478.15/m3 നിരക്കിൽ 1612രൂപ കണക്കാക്കുന്നതിന് പകരം തെറ്റായി 6541.68 രൂപയെന്ന് കണക്കാക്കി ആകെ 33287രൂപയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് പ്രവർത്തികളിൽ ചെയ്ത മറ്റിനങ്ങളുടെ മൂല്യത്തോടൊപ്പം 1:4:8സിമന്റ് കോൺക്രീറ്റിംഗിന്റെ ശരിയായ മൂല്യം കൂട്ടിയാൽ ആകെ മൂല്യം 28358രൂപയാണ് (33287-6541+1612). മൂല്യനിർണ്ണയത്തിലെ പിശക് മൂലം 1642രൂപ(30000- 28358), അധികം ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് പറയുന്നു. മൂല്യനിർണ്ണയത്തിലെ അപാകത മൂലം അധികം ചെലവഴിക്കേണ്ടിവന്ന 1642 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

2. വീട് വാസയോഗ്യമാക്കൽ (എസ്.സി)

പ്രോജക്ട് നമ്പർ -113/18, അടങ്കൽ -1275000

ബിൽ നമ്പർ- 3/17-18/22.1.18 -225000

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടക്കുന്ന് സർക്കിൾ) നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) - പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, മെയിന്റനൻസ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കി, എൽ.എസ്.ജി.ഡി എഞ്ചിനീയർ/ ഓവർസീയർ മൂല്യനിർണ്ണയം നടത്തി നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സജി.എം.സി, മങ്ങാട്ട് വീട് എന്നയാൾക്ക് 75000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇയാൾക്ക് നൽകിയ സാക്ഷ്യപത്രത്തിൽ 1:4:8സിമന്റ് കോൺക്രീറ്റിംഗ് എന്നയിനം 3.10m3ചെയ്തതിന് 4478.15/m3 നിരക്കിൽ 13882രൂപ കണക്കാക്കുന്നതിന് പകരം തെറ്റായി 6115.05/m3നിരക്കിൽ 18956.66 രൂപയെന്ന് കണക്കാക്കി ആകെ 75424.39രൂപയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് പ്രവർത്തികളിൽ ചെയ്ത മറ്റിനങ്ങളുടെ മൂല്യത്തോടൊപ്പം 1:4:8 സിമന്റ് കോൺക്രീറ്റിംഗിന്റെ ശരിയായ മൂല്യം കൂട്ടിയാൽ ആകെ മൂല്യം 70350 രൂപയാണ് (75424.39-18956+13882). മൂല്യനിർണ്ണയത്തിലെ പിശക് മൂലം 4650രൂപ (75000-70350), അധികം ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് പറയുന്നു. മൂല്യനിർണ്ണയത്തിലെ അപാകത മൂലം അധികം ചെലവഴിക്കേണ്ടിവന്ന 4650രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-18 <u>വിനിയോഗ വിവരം ലഭ്യമാക്കിയില്ല</u>

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി-ക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ - | ബിൽ നമ്പർ | നൽകിയ തുക | സ്ഥാപനം | പരാമർശം |
|---|---|---|---|---|---|
| 1 | 114/18 1മുതൽ 17 വരെ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 19/17-18, 28.10.17, | 427800 | കെ.എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| | | 94426, 27.10.17 | 401462 | | |
| | | 98622, 29.12.17 | 82760 | | |
| | | 98756/ 13.3.18 | 95738 | | |
| 2 | 239/18, മുന്നൂർപ്പള്ളി ഐ.എച്ച്.ഡി.പി കോളനി പൈപ്പ് ലൈൻ നീട്ടൽ | 27/17-18 30.1.18 | 283000 | കേരള വാട്ടർ അതോറിട്ടി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| 3. | 265/18, നീരോലിപ്പാറ കുടിവെള്ള പദ്ധതി പാനൽ ബോർഡ്, മോട്ടോർ വാങ്ങി സ്ഥാപിക്കൽ | 1/17-18/ 30.6.17 | 19950 | ഫിനിക്സ് ഇന്റർ നാഷണൽ കമ്പനി | ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 4. | 264/18,ഒന്നാം വാർഡിലെ | 3/17-18, 30.6.17 | 17325 | ഫിനിക്സ് ഇന്റർ നാഷണൽ | ഇൻസ്റ്റലേഷൻ വിവരങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ളപദ്ധതി അറ്റകുറ്റപ്പണികൾ | | | കമ്പനി | ലഭ്യമാക്കിയിട്ടില്ല |
| 5 | 258/18,മൂന്നാംപറമ്പ് എസ്.സി കോളനി കുഴൽകിണർ, ഇലക്ട്രിഫിക്കേഷൻ | 36/17-18, 27.3.18 | 68550 | കെ.എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| 6 | 325/18, സ്രാമ്പി എസ്.സി.കോളനി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 47/17-18,28.3.18 | 21221 | കെ.എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| | | 38/17-18, 27.3.18 | 18779 | | |
| 7 | 262/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 5/17-18, 30.6.17 | 71290 | കേരള വാട്ടർ അതോറിട്ടി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| 8. | 315/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 26/17-18, 12.1.18 | 607402 | കേരള വാട്ടർ അതോറിട്ടി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| | | 94496/ 1.12.17 | 342598 | | |
| 9 | 322/18,മണിയകുഴിറോഡ് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 98763/14.3.18 | 45200 | കെ.എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രമില്ല. |
| ആകെ | | | 2503075 | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 00 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പൊതുശ്മശാനത്തിന് ചുറ്റുമതിൽ | 00 | 150000 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 00 | 600000 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1377150 | വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ | 00 | 1377150 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 200000 | 00 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| 6. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 00 | 500000 |
| 7 | ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 145000 | 55000 |
| 8 | ജില്ലാ പഞ്ചായത്ത് | 2017-18 | 2228000 | ലൈഫ് മിഷൻ പദ്ധതി | 00 | 2228000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ114/18 | 19/17-18, 28.10.17 | 427800 | 00 | 1007760 |
| | | 98622, 29.12.17 | 82760 | 00 | |
| | | 98756, 13.3.18 | 95738 | 00 | |
| | | 94426, 27.10.17 | 401462 | 00 | |
| കേരള വാട്ടർ അതോറിട്ടി | 262/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 5/17-18, 30.6.17 | 71290 | 00 | 71290 |
| ഗ്രൗണ്ട് വാട്ടർ അതോറിട്ടി | മൂന്നാം പറമ്പ് എസ്.സി. കോളനി കുഴൽ കിണർ 258/18 | 6/17-18, 30.6.17 | 44000 | 00 | 44000 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| EMS ഭവനപദ്ധതി | GO(MS) 781/2010/ LSGD തീയതി 8/3/2010 | 51,32,350 | 9,73,615 | 606747 | 366868 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12872/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2008-09 | 3-6 | 12722 | എം.എ.മേരി | 117040500028/29.7.17 |
| 2006-07 | 2-3 | 150 | അവറാച്ചൻ | 117040107895/ 12.3.18 |
| | ആകെ | 12872 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89861501 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100687654 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68893 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2506716 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | | 1400 | രാജൻ ബി മേനോൻ സെക്രട്ടറി |
| 3-4 | | 4874 | 21.6.18ലെ കമ്മിറ്റിയിൽ പങ്കെടുത്തവർ |
| 3-5 | | 17995 | അനു.ടി.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 8880 | ആന്റണി വട്ടോലി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 29452 | രാജൻ ബി മേനോൻ സെക്രട്ടറി |
| 3-17 | | 6292 | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 68893 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 3641 | ആന്റണി എം.എ അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 2503075 | രാജൻ ബി മേനോൻ സെക്രട്ടറി |
| ആകെ | 2506716 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഖണ്ഡിക 3-7 12055/-

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| രാജൻ ബി മേനോൻ സെക്രട്ടറി | സെക്രട്ടറി, കറുകുറ്റി ഗ്രാമപഞ്ചായത്ത് | അച്ച്യുതം, പറയത്ത് രാജ്ഭവൻ, മാണിക്യമംഗലം, കാലടി പി.ഒ |
| ആന്റണി എം.എ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കറുകുറ്റി ഗ്രാമപഞ്ചായത്ത് | മുക്കത്ത് ഹൌസ് , ഓച്ചംതുരുത്ത് പി.ഒ |
| അനു. ടി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | നീണ്ടുപാടത്ത് ഹൌസ്, സെൻട്റൽ ക്രോസ് റോഡ് , വടക്കേക്കര പി.ഒ, നോർത്ത് പറവൂർ |
| ആന്റണി വട്ടോലി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD മാള ബ്ലോക്ക് പഞ്ചായത്ത് | വട്ടോലി ഹൌസ്, അങ്കമാലി |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4-310/99/05.12.00 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 |
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 |
| 2012-13 &2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4)1174/2016 തീയതി 16/7/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.13)1986/2016 തീയതി 15/12/2016 |
| 2016-17 | കെ.എസ്.എ.ഇകെഎം(പി13)1521/2017, 18.9.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18-സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഈ ഓഫീസിലെ30.8.18ലെ കെ.എസ്.എ-ഇ.കെ.എം (പി.ജി)1786(27)/2018 നമ്പർ കത്ത് പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ